**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.56** **09.2.2016-ൽ മറുപടിയ്ക്ക്**

**<u>കളിമൺ വ്യവസായ സ്ഥാപനങ്ങൾ</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.** പുരുഷൻ കടലുണ്ടി<br>,, കെ. ദാസൻ<br>,, കെ.കെ.നാരായണൻ<br>,, ബി.ഡി. ദേവസ്സി | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് കളിമൺ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; | **(എ)** ഉണ്ട്. |
| **(ബി)** പ്രസ്തുത സ്ഥാപനങ്ങൾ അടച്ചുപൂട്ടലിന്റെ അവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ബി)** സംസ്ഥാനത്ത് വ്യവസായവകുപ്പിൻെറ അധീനതയിൽ കളിമൺ (ചൈനക്ലേ) പ്രധാന അസംസ്കൃതവസ്തുവായി പ്രവർത്തിക്കുന്ന രണ്ടു പൊതുമേഖലാസ്ഥാപനങ്ങളാണ് കൊല്ലം ജില്ലയിൽ കുണ്ടറയിൽ പ്രവർത്തിക്കുന്ന കേരള സിറാമിക്സ് ലിമിറ്റഡും, കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരിയിൽ പ്രവർത്തിക്കുന്ന കേരള ക്ലേസ് ആൻറ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡും. ഇതിൽ കുണ്ടറ സിറാമിക്സിൻെറ പ്രധാന അസംസ്കൃത വസ്തുവായ കളിമണ്ണിൻെറ (ചൈനക്ലേ) ലഭ്യതക്കുറവ് ഉൽപ്പാദനശേഷിയെ ബാധിച്ചിട്ടുണ്ട്. എന്നാൽ കണ്ണൂർ ക്ലേസ് ആൻറ് സിറാമിക്സിൽ മലിനീകരണപ്രശ്നത്തിൽ സമീപ വാസികളുടെ ശക്തമായ എതിർപ്പ് മൂലം ചൈനക്ലേയുടെ ഖനനം താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നത് കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (സി) എങ്കിൽ ഇത്തരം സ്ഥാപനങ്ങൾ നിലനിർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | **(സി)** കേരള സിറാമിക് സ് ലിമിറ്റഡിന് ആവശ്യമായ ചൈനക്ലേ ലഭ്യമാക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കേരള സിറാമിക്സിന്റെ പുനരുദ്ധാരണ പദ്ധതിക്കായി സർക്കാർ 1019.27 ലക്ഷത്തിന് ഭരണാനുമതി നൽകുകയും ആയതിൽ 2013-14 ലെ വിഹിതമായ 861 ലക്ഷം രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സമീപവാസികളുടെ എതിർപ്പ് മൂലം പ്രവർത്തനം നിർത്തി വച്ചിരിക്കുന്ന കണ്ണൂർ ക്ലേസ് ആൻറ് സിറാമിക്സിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് യൂണിയനുകളുടെയും സമീപവാസികളുടെയും സംയുക്ത യോഗങ്ങൾ സർക്കാർ തലത്തിൽ നടത്തി പ്രതിസന്ധി |

പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുകയാണ്. ഇതോടൊപ്പം തന്നെ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിനുള്ള ഒരു പദ്ധതി നടപ്പാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. കണ്ണൂർ ക്ലേയ്സ് ആന്റ് സിറാമിക്സിന് ഒറ്റത്തവണ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്.

(ഡി) പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങൾ സമാനസ്വഭാവമുള്ള വ്യവസായങ്ങളുമായി സംയോജിപ്പിച്ചാൽ പ്രതിസന്ധിയിൽ നിന്നും കരകയറാനുള്ള സാദ്ധ്യത വിലയിരുത്തിയിട്ടുണ്ടോ;

**(ഡി) യും (ഇ) യും**

സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സംയോജന സാധ്യത പരിശോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) കളിമൺ ഉപയോഗിച്ച് പ്രവർത്തിക്കുന്നതും തകർച്ച നേരിടുന്നതുമായ സ്ഥാപനങ്ങൾ സമാന സ്വഭാവത്തിലുള്ളതുമായി ലയിപ്പിക്കുകയോ മറ്റ് തരത്തിൽ സഹകരിപ്പിക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രതിസന്ധി നേരിടുന്ന വ്യവസായ സ്ഥാപനങ്ങൾ മറ്റ് പൊതുമേഖലാ സ്ഥാപനവുമായി സംയോജിപ്പിച്ച് സംരക്ഷിക്കുന്നതിൽ നിലപാട് വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ